**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1105** **18-09-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ തോടുകളുടെ നവീകരണവും സംരക്ഷണഭിത്തി നിർമ്മാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്, പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും എന്ന പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **കോട്ടയ്ക്കൽ മണ്ഡലത്തിലെ പൈങ്കണ്ണൂർ, പുഞ്ചപ്പാടംതോടിന്റെ നവീകരണത്തിനായുള്ള പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള വിശദമായ പ്രോജെക്റ്റ് റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു.** |
| (ബി) | പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയർ (ജലസേചനം) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | **ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | നിലവിൽ കോട്ടക്കൽ മണ്ഡലത്തിലെ തോടുകൾക്ക് സംരക്ഷണ ഭിത്തി കെട്ടുന്നതിനായി എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കാമോ? | (സി) | **കോട്ടക്കൽ മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷത്തിൽ (2025-2026) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എസ്റ്റിമേറ്റുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.** |

സെക്ഷൻ ഓഫീസർ